(ബി) ഇത്തരത്തിൽ കൊല്ലം ജില്ലാ ആശുപത്രിയിലേക്ക് രണ്ടര ലക്ഷം രൂപ വിലപിടിപ്പുള്ള എക്സ്റേ ഉപകരണം വരുത്തിയിട്ട് അതു സ്ഥാപിക്കുവാൻ കഴിയാതിരിക്കുന്നതായി ഗവൺമെന്റിന്റെ ശ്രദ്ധയിൽ പെട്ടിട്ടുണ്ടോ;

(സി) ഈ ഉപകരണം അടിയന്തിരമായി അവിടെ സ്ഥാപിക്കുവാൻ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) ഉപകരണങ്ങൾ പ്രയോജനപ്പെടുത്തുന്നില്ലെന്നു പരാതിയുണ്ടാകാറുണ്ട്.

(ബി) പൊതുമരാമത്തു വകുപ്പിൽ നിന്നും ഇലക്ട്രിക് കണക്ഷൻ നൽകുന്നതു സംബന്ധിച്ച ജോലികൾ പൂർത്തിയാകാത്തതു മൂലം കൊല്ലം ജില്ലാ ആശുപത്രിയിലെ എക്സ്റേ ഉപകരണം സ്ഥാപിക്കാൻ കഴിഞ്ഞിട്ടില്ല.

(സി) ഉപകരണം അടിയന്തിരമായി സ്ഥാപിക്കുവാൻ വേണ്ട നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

പുതിയ അലോപ്പതി ആശുപത്രികളും ഡിസ്പെൻസറികളും

58 [95] ശ്രീ. പി. ശങ്കർ: താഴെ കാണുന്ന ചോദ്യത്തിന് പൊതു ജനാരോഗ്യവും വിദ്യുച്ഛക്തിയും വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) 1977, 78, 79, 79–80 വർഷങ്ങളിലായി എത്ര പുതിയ അലോപ്പതി ആശുപത്രികളും ഡിസ്പെൻസറികളും തുറന്നിട്ടുണ്ട്;

(ബി) പുതുതായി തുറന്ന ഡിസ്പെൻസറികൾക്കും ആശുപത്രികൾക്കുമെല്ലാം സ്റ്റാഫിനെ നിയമിച്ചിട്ടുണ്ടോ ? എവിടെയെല്ലാം നിയമിക്കാതെയുണ്ട്; എന്തു കൊണ്ട്;

(സി) സർക്കാർ നിർദ്ദേശിച്ച എല്ലാ വ്യവസ്ഥകളും അംഗീകരിച്ചു കൊണ്ട് പഞ്ചായത്തുകൾ കെട്ടിടം തയ്യാറാക്കിയിട്ടും ഡിസ്പെൻസറിയോ ആശുപത്രിയോ തുടങ്ങാനുള്ള ഉത്തരവ് നൽകാതിരുന്നിട്ടുണ്ടോ, എങ്കിൽ അതിനു കാരണമെന്താണ്;

(ഡി) ചിറ്റൂർ താലൂക്കിലെ നല്ലെപ്പിള്ളിപഞ്ചായത്ത് കഴിഞ്ഞ എട്ടു മാസമായി വാടകയും കൊടുത്തു ആശുപത്രിയ്ക്ക് സ്ഥലം എടുത്തിട്ടുണ്ടെങ്കിലും സ്ഥലം ഏറ്റെടുക്കുകയോ സിസ്പെൻസറി തുടങ്ങുകയോ ചെയ്യാത്തത് എന്തു കൊണ്ടാണ്;

(ഇ) ചിറ്റൂർ താലൂക്കിൽ മീനാക്ഷിപുരത്തു ഒരു ഡിസ്പെൻസറി തുടങ്ങാൻ 1978–79-ലെ ബഡ്ജറ്റിൽ വക കൊള്ളിച്ചുവെങ്കിലും ഡിപ്പാർട്ടുമെന്റ് നാളിതുവരെ ഒരു നടപടിയും എടുക്കാതിരുന്നത് എന്തു കൊണ്ടാണ്?

ഉത്തരം

(എ) 1977–78-ൽ രണ്ടു ഡിസ്പെൻസറികളും 1978–79-ൽ ഒരു താലൂക്ക് ഹെഡ് കാർട്ടേഴ്സ് ആശുപത്രിയും പട്ടിക ജാതി പട്ടിക

LIBRARY ARCHIVES Kerala Legislative Assembly

വർഗ്ഗക്കാർക്ക് അഞ്ചു റൂറൽ ഡിസ്പെൻസറികളും പുതിയതായി തുറന്നിട്ടുണ്ട്. 1979–80-ൽ ഇതുവരെ ഒരു സർക്കാർ ഗ്രാമീണ ഡിസ്പെൻസറി തുറന്നിട്ടുണ്ട്.

(ബി) ഉണ്ട്.

(സി) വിവരം ശേഖരിച്ചു വരുന്നു.

(ഡി) ഈ ഡിസ്പെൻസറിക്കു വേണ്ട തസ്തികകളും അനുവദിക്കുന്ന കാര്യത്തിൽ അന്തിമ തീരുമാനമായിട്ടില്ല.

(ഇ) 1978–79-ൽ വക കൊള്ളിച്ചിരുന്ന 50 ലക്ഷം രൂപ തുടങ്ങി കഴിഞ്ഞിരുന്ന ഗ്രാമീണ ഡിസ്പെൻസറികൾക്കും മറ്റും തികയാതിരുന്നതു കൊണ്ട് പുതിയ ഡിസ്പെൻസറികളുടെ കാര്യം പരിഗണിക്കുവാൻ സാദ്ധ്യമല്ലാതെ വന്നു.

വൈദ്യുതീകരിക്കാനുള്ള പഞ്ചായത്തുകൾ

59 [96] ശ്രീ. വി. ജെ. ജോസഫ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുജനാരോഗ്യവും വിദ്യുച്ഛക്തിയും വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിൽ ഇനിയും എത്ര പഞ്ചായത്തുകൾ വൈദ്യുതീകരിക്കാനുണ്ട്;

(ബി) ഏതൊക്കെ പഞ്ചായത്തുകളാണ് വൈദ്യുതീകരിക്കപ്പെടാനുള്ളത്?

ഉത്തരം

(എ & ബി) പഞ്ചായത്ത് അടിസ്ഥാനമാക്കിയുള്ള വിവരം ശേഖരിച്ചു വരുന്നു. എന്നാൽ 1971-ലെ സെൻസസ് അനുസരിച്ചുള്ള കേരളത്തിലെ എല്ലാ റവന്യൂ വില്ലേജുകളിലും വൈദ്യുതി എത്തിച്ചിട്ടുണ്ട്.

തിരുവല്ലാ ഗവൺമെൻറ് ആശുപത്രിയിൽ പുതിയ കെട്ടിടം പണിയുവാനുള്ള നിർദ്ദേശം

60 [97] ശ്രീ. പി. സി. തോമസ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുജനാരോഗ്യവും വിദ്യുച്ഛക്തിയും വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുവല്ലാ ഗവൺമെൻറ് ആശുപത്രിക്ക് നൂറ് കിടക്കകളുള്ള കെട്ടിടം പണിയുവാനുള്ള നിർദ്ദേശം ഗവൺമെൻറിന്റെ പരിഗണനയിലുണ്ടോ;

(ബി) ഇന്നുള്ള കെട്ടിടം വളരെ പഴക്കം ചെന്നതും ഉപയോഗരഹിതവുമാണെന്ന കാര്യം പരിഗണിച്ചു സത്വര നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) ഇല്ല.

LIBRARY ARCHIVES Kerala Legislative Assembly